# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:28-03-2025**

### പ്രധാനവാർത്തകൾ

1) ഇലക്ട്രോണിക് ഉത്പന്നങ്ങളുടെ നിർമാണം പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പദ്ധതിക്ക് രൂപം നൽകി കേന്ദ്ര മന്ത്രിസഭ. കേന്ദ്രജീവനക്കാരുടെ ക്ഷാമബത്ത 2 ശതമാനം വർദ്ധിപ്പിക്കാനും തീരുമാനം.
2) നടപടിക്രമങ്ങൾ പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.
3) ലഹരിവിരുദ്ധ പ്രചാരണത്തിന് സ്റ്റുഡൻറ് പോലീസ് കേഡറ്റുകളെ ഉപയോഗിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
4) എക്സാലോജിക്-സിഎംആർഎൽ പണമിടപാടിൽ വിജിലൻസ് അന്വേഷണം നിഷേധിച്ചതിനെതിരായ പുനഃപരിശോധനാ ഹർജികൾ തള്ളി ഹൈക്കോടതി.
5) മ്യാൻമാറിൽ കനത്ത നാശനഷ്ടം വിതച്ച് വൻ ഭൂചലനം. നൂറോളം പേരെ കാണാനില്ല. നിരവധി കെട്ടിടങ്ങൾ തകർന്നു
6) ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ നേരിടും.

************************************************************

RNU TVPM

## മന്ത്രിസഭ (INTRO)

ഇലക്ട്രോണിക് ഉത്പന്നങ്ങളുടെ നിർമാണം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതിക്ക് രൂപം നൽകി കേന്ദ്രസർക്കാർ. 22,000 കോടി രൂപാ ചിലവിൽ ഇലക്ട്രോണിക് കംപോണൻറ് നിർമാണ പദ്ധതി ആവിഷ്കരിക്കുമെന്ന് മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. കഴിഞ്ഞ 10 വർഷത്തിനിടെ രാജ്യം ഇലക്ട്രോണിക് മേഖലയിൽ വൻ കുതിച്ചുചാട്ടമുണ്ടാക്കിയതായും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

ഫോസ്ഫേറ്റ്, പൊട്ടാസ്യം രാസവളങ്ങൾക്ക് 2025 ലെ ഖാരിഫ് സീസണിലേക്കുള്ള പോഷകാധിഷ്ഠിത സബ്സിഡിയും മന്ത്രിസഭ അംഗീകരിച്ചു. കേന്ദ്ര ജീവനക്കാർക്കും പെൻഷൻകാർക്കും 2 ശതമാനം ക്ഷാമബത്ത അനുവദിക്കാനും ഇന്ന് ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു.

PNU TVPM

************************************************************

## പാർലമെന്റ്

നടപടിക്രമങ്ങൾ പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. സമുദ്രങ്ങളിലൂടെയുള്ള ചരക്ക് കൈമാറ്റം സംബന്ധിച്ച ബിൽ ലോക്സഭ ഇന്ന് പാസ്സാക്കി. സമുദ്രമാർഗ്ഗമുള്ള ഇന്ത്യയുടെ വ്യാപാരം ആഗോള നിലവാരത്തിലേക്ക് ഉയർത്താൻ ബിൽ ലക്ഷ്യമിടുന്നതായി കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ സഭയിൽ പറഞ്ഞു. ചരക്ക് നീക്കത്തിൽ സുതാര്യതയും, കാര്യക്ഷമതയും ഉറപ്പുവരുത്താനും ഇതിലൂടെ സാധിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. രാജ്യത്തെ തുറമുഖങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന ഇന്ത്യൻ പോർട്ട്സ് ബില്ലും ശ്രീ സോനോവാൾ ഇന്ന് ലോക്സഭയിൽ അവതരിപ്പിച്ചു. സ്വകാര്യ ബില്ലുകളാണ് രാജ്യസഭ ഇന്ന് പരിഗണിച്ചത്.

************************************************************

## മുഖ്യമന്ത്രി

ലഹരി വിരുദ്ധ ക്യാംപയിന് സ്റ്റുഡൻറ് പോലീസ് കേഡറ്റുകളെ നല്ലനിലയിൽ ഉപയോഗിക്കാനാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലഹരിക്കെതിരെയുള്ള സ്കൂൾതല പരിശീലകരായി പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരുടെ സേവനം അതത് സ്ഥലത്ത് ലഭ്യമാക്കണം. സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി ശക്തിപ്പെടുത്തുന്നതിന് കർമ പദ്ധതി വികസിപ്പിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. തീരദേശ, പിന്നോക്ക മേഖലകളിലെ സ്കൂളുകൾക്ക് പദ്ധതിയിൽ മുൻഗണന നൽകണമെന്നും അദ്ദേഹം വ്യക്തമാക്കി.

****************************************************************

## ഹൈക്കോടതി തള്ളി

മുഖ്യമന്ത്രിയുടെ മകൾ വീണാ വിജയൻറെ കമ്പനിയായ എക്സാലോജിക്കും- സിഎംആർഎല്ലുമായുള്ള പണമിടപാടിൽ വിജിലൻസ് അന്വേഷണം നിഷേധിച്ചതിനെതിരെ സമർപ്പിച്ച പുനഃ പരിശോധനാ ഹർജികൾ ഹൈക്കോടതി തള്ളി. മാത്യു കുഴൽനാടൻ എംഎൽഎ ഉൾപ്പെടെയുള്ളവർ സമർപ്പിച്ച ഹർജികളാണ് ജസ്റ്റിസ് കെ ബാബു തള്ളിയത്. വിജിലൻസ് അന്വേഷണം നിരസിച്ച തിരുവനന്തപുരം പ്രത്യേക വിജിലൻസ് കോടതി ഉത്തരവിനെതിരെയാണ് ഹർജിക്കാർ ഹൈക്കോടതിയെ സമീപിച്ചത്. ചെയ്യാത്ത ജോലിക്ക് C M R L, എക്സാ ലോജിക്കിന് ഒരു കോടി 72 ലക്ഷം രൂപ നൽകിയെന്നാണ് കേന്ദ്ര ഏജൻസിയായ S F I O യുടെ കണ്ടെത്തൽ. ഇത് അഴിമതിപ്പണം ആണെന്ന ആരോപണത്തിൽ തെളിവുകൾ ഹാജരാക്കാൻ ഹർജിക്കാർക്ക് കഴിഞ്ഞിട്ടില്ലെന്ന് വ്യക്തമാക്കി കൊണ്ടാണ് ഹൈക്കോടതി ഹർജി തള്ളിയത്. വിധിയിൽ നിരാശയില്ലെന്നും

RNU TVPM

പോരാട്ടം തുടരുമെന്നും മാത്യു കുഴൽനാടൻ പ്രതികരിച്ചു. പ്രതിപക്ഷത്തിൻറെ ഒരു ആരോപണം കൂടി തകർന്നിരിക്കുകയാണെന്ന് സിപിഐഎം സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദൻ പറഞ്ഞു.

*****************************************************

## സമയക്രമം

സംസ്ഥാനത്തു നാളെ നടക്കുന്ന ഒന്നാം വർഷ ഹയർസെക്കൻഡറി ഇംഗ്ലീഷ് പരീക്ഷയുടെ സമയക്രമം പുനക്രമീകരിച്ചു. രാവിലെ 9.30 മുതൽ 12.15 വരെയായാണ് സമയം പുനർ നിശ്ചയിച്ചിരിക്കുന്നത്.

*****************************************************

## കെ.എൻ. ബാലഗോപാൽ

ജനങ്ങൾക്കും, ട്രഷറി പ്രവർത്തനത്തിനും ബുദ്ധിമുട്ടില്ലാത്തരീതിയിൽ ഈ സാമ്പത്തികവർഷം അവസാനിക്കുമെന്ന് ധനമന്ത്രി കെ.എൻ ബാലഗോപാൽ. 26 -ാം തിയ്യതിവരെ നൽകിയ ബില്ലുകൾ യഥാസമയം മാറുമെന്നും മന്ത്രി കൊല്ലത്ത് മാധ്യമങ്ങളോട് പറഞ്ഞു. - കേരളത്തിനോടുള്ള കേന്ദ്രത്തിൻ്റെ വിവേചനം കണക്കുകൾ പരിശോധിച്ചാൽ വ്യക്തമാകുമെന്നും, കേരളത്തിനോട് വിവേചനമില്ലെന്ന കേന്ദ്ര മന്ത്രി നിർമ്മലാ സീതാരാമൻ്റെ പ്രസ്താവനയ്ക്ക് മറുപടിയായി അദ്ദേഹം പറഞ്ഞു.

RNUTVPM

*****************************************************

## മ്യാൻമർ ഭൂകമ്പം - പ്രധാന മന്ത്രി

മ്യാൻമാറിൽ കനത്ത നാശനഷ്ടം വിതച്ച് വൻ ഭൂചലനം. റിക്ടർ സ്കെയിലിൽ 7.7 ഉം 6.4 ഉം തീവ്രത രേഖപ്പെടുത്തിയ തുടർച്ചയായ ഭൂകമ്പങ്ങളിൽ ഒട്ടേറെ കെട്ടിടങ്ങളും, റോഡുകളും തകർന്നു. നിരവധി പേർ മരിച്ചതായാണ് മാധ്യമ റിപ്പോർട്ടുകൾ. മ്യാൻമറിലെ

ആറ് മേഖലകളിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. നൂറോളം പേരെ കാണാനില്ലെന്ന് അധികൃതർ വ്യക്തമാക്കി. ഭൂകമ്പത്തിൽ മണ്ടാലേയിലെ പ്രശസ്തമായ അവാ പാലം നദിയിലേക്ക് തകർന്നുവീണു. ഭൂചലനത്തിൻറെ പ്രകമ്പനത്തിൽ, തായ് ലൻഡ് തലസ്ഥാനമായ ബാങ്കോക്കിലും നാശനഷ്ടങ്ങൾ രേഖപ്പെടുത്തി. ബഹുനില കെട്ടിടം തകർന്നു വീണത് ജനങ്ങളെ പരിഭ്രാന്തരാക്കി. ഭൂകമ്പത്തെ നേരിടുന്നതിന് ഇന്ത്യ എല്ലാ സഹായവും വാഗ്ദാനം ചെയ്യുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇന്ത്യക്കാർ അപകടത്തിൽപ്പെട്ടതായി ഇതുവരെ വിവരം ലഭിച്ചിട്ടില്ലെന്നും, സ്ഥിതിഗതികൾ നിരീക്ഷിച്ച് വരികയാണെന്നും ഇന്ത്യൻ എംബസ്സി അറിയിച്ചു.

************************************************************

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി, മൻ കീ ബാത്ത് മറ്റന്നാൾ രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 120-ആം പതിപ്പാണിത്.

RNU TVPM

************************************************************

## ഗവർണർ

ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ കഴക്കൂട്ടം സൈനിക സ്കൂൾ സന്ദർശിച്ചു. ഗവർണറായി ചുമതല എടുത്തതിന് ശേഷമുള്ള ആദ്യ സന്ദർശനമാണ് ഇത്. സ്കൂളിൽ എത്തിയ ഗവർണറെ പ്രിൻസിപ്പൽ കേണൽ ധീരേന്ദ്രകുമാർ സ്വീകരിച്ചു. സ്കൂൾ കേഡറ്റുകൾ ഗവർണർക്ക് ഗാർഡ് ഓഫ് ഓണർ നൽകി.

************************************************************

## ബിജെപി കോർ കമ്മിറ്റി യോഗം

കേന്ദ്ര പദ്ധതികൾ ജനങ്ങളിലേക്ക് എത്തുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ബിജെപി അംഗങ്ങൾ പ്രവർത്തിക്കണമെന്ന് തിരുവനന്തപുരത്ത് ചേർന്ന കോർ കമ്മിറ്റി യോഗത്തിൽ തീരുമാനം. പാർട്ടി പ്രവർത്തകർക്ക് , ജനങ്ങളുമായി നിരന്തരം സമ്പർക്കം നടത്തുന്നതിന് എല്ലാ ജില്ലകളിലും ഹെൽപ് ഡെസ്ക്കുകൾ ആരംഭിക്കുമെന്നും ബിജെപി ജനറൽ സെക്രട്ടറി പി സുധീർ പറഞ്ഞു. ബിജെപി സംസ്ഥാന അധ്യക്ഷനായി രാജീവ് ചന്ദ്രശേഖർ ചുമതലയേറ്റ ശേഷമുള്ള ആദ്യ കോർ കമ്മിറ്റി യോഗമാണ് ഇന്ന് ചേർന്നത്.

***********************************************************

## റംസാൻ (ഇൻട്രോ )

റംസാൻ മാസത്തിലെ അവസാന വെള്ളിയാഴ്ചയിൽ ഖുർആൻ പാരായണത്തിൽ മുഴുകി നിറഞ്ഞ പ്രാർത്ഥനയോടെ വിശ്വാസികൾ. ഇരുപത്തേഴാം രാവിന്റെ പൂർണതയ്ക്കു പിന്നാലെയാണു നോമ്പിലെ അവസാന വെള്ളിയിലേക്കു വിശ്വാസികൾ പ്രവേശിച്ചത് .

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു (വോയിസ് )**

***********************************************************

## റോഷി അഗസ്റ്റിൻ

വെള്ളപ്പൊക്ക സാധ്യതയെക്കുറിച്ചുള്ള വ്യക്തമായ വിവരങ്ങൾ കൃത്യസമയത്തു നൽകുന്ന തത്സമയ വിവര ശേഖരണ സംവിധാനം സ്ഥാപിക്കുന്നതിന് വേണ്ടി ഒരു കോടി രൂപ അനുവദിച്ചതായി മന്ത്രി റോഷി അഗസ്റ്റിൻ . പ്രളയ സാധ്യത കൂടിയ 8 ജില്ലകളിലെ 11 സ്ഥലങ്ങളിലാകും സംവിധാനം ഒരുക്കുക.

RNU TVPM

കേരളത്തിൽ 2018, 2019 വർഷങ്ങ്ളിൽ തുടർച്ചയായുണ്ടായ വെള്ളപ്പൊക്കങ്ങളാണ് ഇത്തരമൊരു സംവിധാനത്തിന്റെ ആവശ്യകത അനിവാര്യമാക്കിയതെന്നും മന്ത്രി പറഞ്ഞു .

***********************************************************

## മലക്കുടമഹോത്സവം ( ഇൻട്രോ )

ദക്ഷിണേന്ത്യയിലെ ഏക ദുര്യോധനക്ഷേത്രമായ കൊല്ലം പോരുവഴി പെരുവിരുത്തി മലനടയിലെ മലക്കുടമഹോത്സവം നാടിന് ആവേശമായി. വെൺകുളം ഏലയിൽ അണിനിരന്ന കെട്ടുകാഴ്ചകൾ കാണികളുടെ മനം കവർന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ ( വോയിസ് )**

***********************************************************

## കൊല്ലംകോട് തൂക്കം

കന്യാകുമാരി ജില്ലയിലെ പ്രശസ്തമായ കൊല്ലംകോട് ദേവീ ക്ഷേത്രത്തിലെ തൂക്ക നേർച്ച ഏപ്രിൽ ഒന്നിന് നടക്കും. പത്ത് ദിവസം നീണ്ടുനിൽകുന്ന ഉത്സവത്തിൻറെ സമാപന ദിവസമാണ് ചരിത്ര പ്രസിദ്ധമായ തൂക്കനേർച്ചയും, കുരുതി തർപ്പണവും നടക്കുന്നത്.

***********************************************************

## ഐ പി എൽ

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ നേരിടും. ചെന്നൈ ചിദംബരം സ്റ്റേഡിയത്തിൽ രാത്രി 7:30 നാണ് മത്സരം.

***********************************************************

RNU TVPM

## ഐ.എസ്.എൽ

ഐ.എസ്.എൽ ഫുട്ബോൾ പ്ലേ ഓഫ് മത്സരങ്ങൾക്ക് നാളെ തുടക്കം. രാത്രി 7.30 ന് നടക്കുന്ന ആദ്യ പ്ലേ ഓഫിൽ ബെംഗളൂരു, മുംബൈ സിറ്റിയെ നേരിടും. അടുത്തമാസം 12 നാണ് ഫൈനൽ മത്സരം.

**************************************************************

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 191 പോയന്റ് നഷ്ടത്തിൽ 77,414 ലും, നിഫ്റ്റി 72 പോയിന്റ് താഴ്ന്ന് 23,519 ലും വ്യാപാരം അവസാനിപ്പിച്ചു.

**************************************************************

## വി.എൻ. വാസവൻ-ദേവസ്വം

PRD TVPM

സംസ്ഥാനത്തെ ദേവസ്വം ബോർഡുകളിലേയ്ക്കുള്ള നിയമനങ്ങൾക്കുള്ള, ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പുതിയ സോഫ്റ്റ്വേർ മന്ത്രി വി.എൻ. വാസവൻ പ്രകാശനം ചെയ്തു. ഗുരുവായൂർ ദേവസ്വം ബോർഡിലെ നാനൂറ് ഒഴിവുകളിലേക്കുള്ള നിയമനത്തിനുള്ള നടപടികൾക്ക് പുതിയ സോഫ്റ്റ്വേർ വഴി ഇന്ന് തന്നെ തുടക്കം കുറിക്കുമെന്നു മന്ത്രി അറിയിച്ചു. .

**************************************************************************************************************************

**

**************************************************************